കൃഷി നശിപ്പിച്ചു

നെയ്യാറ്റിൻകര : കുന്നത്തുകാൽ കോട്ടുക്കോണത്ത് തൊളിച്ചലിൽ കുരുമുളക് തോട്ടം രാത്രിയിൽ അക്രമികൾ വെട്ടി നശിപ്പിച്ചു. കോട്ടുക്കോണം ശ്രീമതി വിലാസത്തിൽ എസ്.എസ്. ശ്രീജയുടെ തോട്ടത്തിലെ കുരുമുളകാണ് വെട്ടി നശിപ്പിച്ചത്. വെള്ളറട പൊലീസ് കേസെടുത്തു.

കംപ്യൂട്ടർവത്കരിക്കണം

കടയ്ക്കാവൂർ : കടയ്ക്കാവൂർ റെയിൽവേ സ്റ്റേഷനിൽ കംപ്യൂട്ടർ സംവിധാനം ഉടൻ നടപ്പാക്കണമെന്നും യാത്രക്കാരോട് അപമര്യാദയായി പെരുമാറുന്ന ഉദ്യോഗസ്ഥനെ സ്ഥലംമാറ്റണമെന്നും റെയിൽവേ പാസഞ്ചേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു.

നേച്ചർ ലൈഫ് ഇന്റർനാഷണൽ

തിരുവനന്തപുരം: നേച്ചർ ലൈഫ് ഇന്റർനാഷണലിന്റെ കേരളത്തിലെ അഞ്ചാമത്തെ പ്രകൃതി ചികിത്സാലയം പൂജപ്പുര കേശവൻ നായർ റോഡിൽ ലങ്ക ലെയ്നിൽ മാർച്ച് 14ന് രാവിലെ 10.30ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യും.

'ബഡ്ജറ്റ് ജനക്ഷേമകരമല്ല'

തിരുവനന്തപുരം : ബഡ്ജറ്റ് ജനക്ഷേമകരമല്ലെന്ന് പ്രതിപക്ഷ ഉപനേതാവ് ജി. കാർത്തികേയൻ. കേരള എൻ.ജി.ഒ അസോസിയേഷൻ പബ്ളിക് ഓഫീസ് ബ്രാഞ്ചിന്റെ ഏകദിന ശില്പശാല സത്യൻ സ്മാരകഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വഞ്ചിയൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് കോട്ടാത്തല മോഹനൻ, ആനാട് ഷാഹിദ്, കെ. അജന്തൻ നായർ, ബി. ബാബുരാജ്, പി. ജയകുമാർ, കെ. ബിജുകുമാർ, സി. ധനേഷ്കുമാർ എന്നിവർ പ്രസംഗിച്ചു.

മീനഭരണി മഹോത്സവം

തിരുവനന്തപുരം : പാളയംലെനിൻനഗർ ആലുംകണ്ഠം ശ്രീ ഭദ്രകാളി ദേവീക്ഷേത്രത്തിലെ മീനഭരണി മഹോത്സവം ഇന്നുമുതൽ 20വരെ നടക്കും. ഉത്സവദിവസങ്ങളിൽ വിവിധ കലാപരിപാടികളും സമൂഹസദ്യയും ഉണ്ടായിരിക്കും. 16ന് വൈകിട്ട് 5.30ന് ദേവി പുറത്ത് എഴുന്നള്ളി നന്ദാവനം, പാളയം, എം.ജി. റോഡ്, ചാല, കിള്ളിപ്പാലം, പവർഹൗസ് റോഡ്, തമ്പാനൂർ, പനവിള, ബേക്കറി ജംഗ്ഷൻ വഴി നിരപറ വഴിപാടുകൾ ഏറ്റുവാങ്ങിയ ശേഷം തിരികെ ക്ഷേത്രസന്നിധിയിൽ എത്തിച്ചേരും. 17ന് വൈകിട്ട് 4.30ന് പുറത്തെഴുന്നള്ളി കെ.ബി. എസി ജംഗ്ഷൻ, ബേക്കറി ജംഗ്ഷൻ, വഴുതയ്ക്കാട്, വിഘ്നേശ്വര നഗർ, ഫോറസ്റ്റ് ഓഫീസ് ലെയിൻ, വോൾട്ടാസ് ലെയിൻ വഴി, തിരികെ ക്ഷേത്രസന്നിധിയിൽ എത്തും. 18നും പുറത്തെഴുന്നള്ളത്ത് ഉണ്ടായിരിക്കും. 19ന് രാവിലെ 7.20ന് പൊങ്കാല. വൈകിട്ട് താലപ്പൊലി, നിറകുടം വഴിപാട്, രാത്രി 1.00ന് ഗുരുസി

അഷ്ടലക്ഷ്മി മഹായാഗം

നെയ്യാറ്റിൻകര : തൊഴുക്കൽ മൂവർണ്ണത്തലശ്രീ ഇശക്കിയമ്മൻ ദേവീക്ഷേത്രത്തിൽ അഷ്ടലക്ഷ്മി മഹായാഗം ഏപ്രിൽ 14 മുതൽ 22 വരെ നടക്കും. മഹായാഗത്തിന്റെ കാൽനാട്ടുകർമ്മം അശ്വതിതിരുനാൾ ഗൗരിലക്ഷ്മി ഭായി തമ്പുരാട്ടി നാളെ രാവിലെ 10ന് നിർവഹിക്കും.

യാഗാചാര്യൻ ചെറുവത്തേരി വെള്ളത്തിട്ട കിഴക്കേടത്ത് മന വി.ബി. മാധവൻനമ്പൂതിരി, ചെങ്കോട്ടുകോണം ശ്രീരാമദാസ ആശ്രമം വക്താവ് ഭാർഗവാനന്ദസ്വാമികൾ, തിരുവനന്തപുരം റൂറൽ എസ്.പി. എൻ. ഗോപാലകൃഷ്ണൻ, ശാസ്തമംഗലം മോഹനൻ തുടങ്ങിയവർ പങ്കെടുക്കും.

ശശി തരൂരിന് അവാർഡ് നൽകി

ന്യൂഡൽഹി : ഐ.ഐ.എൽ.എം ഹയർ എഡ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇക്കൊല്ലത്തെ ഗ്ലോബൽ തിങ്കർ അവാർഡ് കേന്ദ്രമന്ത്രി ശശി തരൂരിന് സമ്മാനിച്ചു. ഡൽഹി ലോധി റോഡ് ക്യാമ്പസിൽ നടന്ന ചടങ്ങിൽ ഗ്ലോബൽ ഗവേണൻസ് വെല്ലുവിളികളെക്കുറിച്ച് ശശി തരൂർ പ്രഭാഷണം നടത്തി.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഞ്ചാമത്തെ അവാർഡാണ് തരൂരിന് ലഭിച്ചത്.

മുരളിവീണ്ടും ഡൽഹിയിൽ

ന്യൂഡൽഹി: കോൺഗ്രസിൽ തിരിച്ചെടുക്കണമെന്ന ആവശ്യവുമായി കെ.മുരളീധരൻ വീണ്ടും ഡൽഹിയിലെത്തി കേന്ദ്രനേതാക്കളെകണ്ടു. കോൺഗ്രസിലേക്കുള്ള തിരിച്ചുവരവ് എത്രയും വേഗം സാധ്യമാക്കണമെന്നാണ് മുരളിയുടെ ആവശ്യം.

സ്വാഗതസംഘം

കടയ്ക്കാവൂർ : മഹാകവി കുമാരനാശാന്റെ 138-ാമത് ജന്മദിനാഘോഷങ്ങൾക്ക് സ്വാഗത സംഘം രൂപീകരിക്കാനുള്ള യോഗം ശനിയാഴ്ച വൈകിട്ട് 4ന് കായിക്കരയിലെ ആശാൻ സ്മാരകത്തിൽ കൂടും.

വെയിലൂർക്കോണം ശ്രീഭഗവതി ക്ഷേത്രത്തിൽ

ചെറുവയ്ക്കൽ : വെയിലൂർക്കാണം ശ്രീഭഗവതി ക്ഷേത്രത്തിലെ പ്രതിഷ്ഠാദിനവും മീനഭരണി മഹോത്സവവും 13 മുതൽ 19 വരെ നടക്കും. 13ന് രാവിലെ 6.30ന് അഷ്ടദ്രവ്യ ഗണപതി ഹോമം, മൃത്യുഞ്ജയഹോമം, 10.30നും 11.10നും മദ്ധ്യേ തൃക്കൊടിയേറ്റ്. വൈകിട്ട് 7.50ന് അമ്മയെ കാപ്പ്കെട്ടി കുടിയിരുത്തുന്നു. 8ന് കുത്തിയോട്ട വ്രതാരംഭം. ആറാം ഉത്സവദിനം പ്രതിഷ്ഠാദിനമാണ്. 18 ന് രാവിലെ 9ന് പൊങ്കാല, 10ന് കളഭാഭിഷേകം, 11.30ന് നാഗരൂട്ട്, വൈകുന്നേരം 7.30ന് ഉരുൾ. 19ന് രാവിലെ 9.30ന് പുറത്തെഴുന്നള്ളത്ത്. വൈകിട്ട് കുത്തിയോട്ടം, താലപ്പൊലി, പൂത്തിരിമേളം, വെളുപ്പിന് 2.30ന് ഗുരുസി. ആറാംഉത്സവദിവസം വരെ അന്നദാനം ഉണ്ടായിരിക്കും.

tv cinema

ഏഷ്യാനെറ്റ്
1.00 രാഷ്ട്രം
രാത്രി 11.00 ഹരീന്ദ്രൻ ഒരു നിഷ്കളങ്കൻ

പ്ലസ്
രാത്രി 7.30 മൃഗയ

എ.സി.വി
1.50 ശ്രീരാഗം
രാത്രി 10.00 ശിപായിലഹള

കിരൺ
രാത്രി 7.30 ഗീതാഞ്ജലി

വേനൽ കടുക്കുന്നു; വെള്ളംകടത്തും!

ഒരു ടാങ്കർജലത്തിന് 450 രൂപ മുതൽ 1200 രൂപ വരെ

എ. പി ജിനൻ

നെയ്യാറ്റിൻകര : വേനൽക്കാലം വരവായി. ഇനിയുള്ള മൂന്ന് മാസക്കാലം ജലം കടത്തുകാരുടെ സീസൺകാലമാണ്. ഗ്രാമങ്ങളിലെ പാറമടകളിലെ കുഴികളിൽ നിന്നും കുളത്തിൽ നിന്നും മറ്റ് ജലസ്രോതസ്സുകളിൽ നിന്നും ശേഖരിക്കുന്ന ജലം തലസ്ഥാനത്തും വിനോദസഞ്ചാര കേന്ദ്രങ്ങളിലെ വൻകിട ഹോട്ടലുകളിലുമെത്തിച്ച് കൊള്ളലാഭം കൊയ്യുകയാണ്. ഒരു ടാങ്കർ ലോറി ജലത്തിന് 450 രൂപ മുതൽ 1200 രൂപ വരെ വിലയുണ്ട്. വെള്ളത്തിന്റെ ഗുണനിലവാരമനുസരിച്ച് ജല വില വ്യത്യാസപ്പെട്ടിരിക്കും. പുലർച്ചെയാണ് ഗ്രാമ പ്രദേശത്തെ കിണറുകളിൽ നിന്നും പൊതുകുളങ്ങളിൽ നിന്നും ജലം ശേഖരിക്കുന്നത്. റോഡരുകിലെ വാട്ടർ അതോറിട്ടിയുടെ പൈപ്പിലും മോഷണം പതിവായിട്ടുള്ളതായി നാട്ടുകാർ പറയുന്നു. പൈപ്പ് ലൈനിൽ നിന്നും രാത്രികാലങ്ങളിൽ ട്യൂബ് വഴിയാണ് ലോറിയിലേക്ക് ജലം മോഷ്ടിക്കുന്നത്. കുളങ്ങളിലാകട്ടെ, താത്കാലിക മോട്ടോർ ഉപയോഗിച്ചും. അതേ സമയം വ്യാവസായിക ആവശ്യത്തിന് കുളങ്ങളിൽ നിന്നും ജലമെടുക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശനമായി തടഞ്ഞിട്ടുണ്ടെങ്കിലും ജലം മോഷ്ടിക്കാനെത്തുന്നവരോട് ഉദ്യോഗസ്ഥർ കാർക്കശ്യം കാണിക്കാറില്ലെന്ന് നാട്ടുകാർ പറയുന്നു.

കെട്ടിട നിർമ്മാണ മേഖലകളിലേക്കാണ് അധികമായും കുളങ്ങളിലെ ജലം ടാങ്കർ ലോറികൾ വഴി ചെന്നെത്തുന്നത്. ഇത്തരം ലോറികൾക്ക് 650 രൂപയിലധികം വിലയില്ല. അതേ സമയം കോവളത്തെ ചില വൻകിട ഹോട്ടലുടമകൾ 2000 രൂപയിലധികം നൽകിയാണ് സീസൺ കാലത്ത് ടാങ്കർ ജലം വാങ്ങുന്നത്.

ഹോട്ടലുകൾക്കുള്ളിലെ സിമ്മിംഗ് പൂൾ ആവശ്യത്തിനും മറ്റും ഈ ജലമാണ് ഉപയോഗിക്കുന്നത്. അതേ പോലെ കുടമൊന്നിന് 8 രൂപയ്ക്കും 10 രൂപയ്ക്കും ജലം കിട്ടാത്ത ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം വിൽക്കുന്നുണ്ട്. മുൻപൊക്കെ സർക്കാർ നേരിട്ട് ടാങ്കർ ജലമെത്തിച്ചിരുന്ന വെൺപകൽ, പോങ്ങ്, കാഞ്ഞിരംകുളം, അടിമലത്തുറ പ്രദേശങ്ങളിൽ ഇപ്പോൾ ടാങ്കർജലക്കച്ചവടക്കാരാണ്എത്തുന്നത്.

പ്രകൃതി വിഭവങ്ങളായ പാറയും മണലും മണ്ണും ഒരു നിയന്ത്രണവുമില്ലാതെ മോഷ്ടിച്ച് കച്ചവടം ചെയ്യുന്ന സംഘം ഗ്രാമപ്രദേശങ്ങളിലെ ജലം കവർന്ന് വിൽക്കുന്നത് കാരണം കഴിഞ്ഞ ഏതാനും വർഷങ്ങളായി നെയ്യാറ്റിൻകര താലൂക്കിലെ പല സ്ഥലങ്ങളിലും ഒരിക്കലും വറ്റാതിരുന്ന കിണറുകളും മാർച്ചെത്തിയതോടെ നെല്ലിപ്പലക കണ്ടു തുടങ്ങിയത് നാട്ടുകാരെ ഉത്കണ്ഠാകുലരാക്കിയിട്ടുണ്ട്.

പ്രവാസിഭാരതിവെബ്സൈറ്റിന്റേയും പ്രവാസിമലയാളികളുടെ എൻ.ആർ.ഐ ഡേറ്റാബാങ്കിന്റേയും ഉദ്ഘാടനം മന്ത്രി എൻ. കെ പ്രേമചന്ദ്രൻ നിർവഹിക്കുന്നു. കേരളകൗമുദി ഡയറക്ടർ എം. എസ്. രവി, എസ്. അഹമ്മദ്, വി. സുരേന്ദ്രൻപിള്ള എം. എൽ. എ, കൗൺസിലർ അനിൽകുമാർ, കടയ്ക്കൽരമേശ് എന്നിവർ സമീപം

എ.ഐ.വൈ.എൽ പ്രവർത്തക സമ്മേളനം

തിരുവനന്തപുരം : ആൾ ഇന്ത്യാ ഫോർവേഡ് ബ്ലോക്കിന്റെ യുവജന വിഭാഗമായ ആൾ ഇന്ത്യാ യൂത്ത് ലീഗ് (എ.ഐ.വൈ.എൽ) ജില്ലാ പ്രവർത്തക സമ്മേളനം എ.ഐ.വൈ.എൽ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അരുൺ എസ്. ശശി ഉദ്ഘാടനം ചെയ്തു.

രാജേഷ് എ.എൽ ഭൂതപ്പാണ്ടി

ഭാരവാഹികൾ : എൽ. ഭൂതപ്പാണ്ടി (പ്രസിഡന്റ്), നന്ദാവനം ചന്ദ്രു, അബ്ദുൽ റഹ്മാൻ (വൈസ് പ്രസിഡന്റുമാർ), എ.എൽ. രാജേഷ് (സെക്രട്ടറി), എ.ബി. മണിയൻ, ബിജു എസ്.ആർ (ജോയിന്റ് സെക്രട്ടറിമാർ).

പി.ടി.എ. റഹീമിനെ എടുക്കരുതെന്ന് ലീഗ്കമ്മിറ്റി

ഫ്ലാഷ്ബ്യൂറോ

പാലക്കാട്: പി. ടി. എ. റഹീംഎം.എൽ.എയെലീഗിൽ എടുക്കരുതെന്ന് ആവശ്യം ഉയർന്നു. മുസ്ലീം ലീഗിന്റെ കോഴിക്കോട് ജില്ലാ കമ്മിറ്റി യോഗമാണ് പാർട്ടി സംസ്ഥാന നേതൃത്വത്തോട് ഈ ആവശ്യം ഉന്നയിച്ചത്. മുസ്ലീം ലീഗിന്റെ മുൻ സംസ്ഥാന അദ്ധ്യക്ഷനും യശശരീരനുമായ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളെ അപമാനിക്കുകയാണ് പി. ടി. എ. റഹീംചെയ്തതന്ന് ഇന്നലെ ചേർന്ന മുസ്ലീം ലീഗ് ജില്ലാ കമ്മിറ്റി യോഗം കുറ്റപ്പെടുത്തി. കൊടുവള്ളിയിൽ നിന്നും മമ്മുട്ടിയെ എം.എൽ.എയായി തിരഞ്ഞെടുത്ത സമയത്ത് പി. ടി. എ. റഹീമിനെതിരെ ലീഗ് സംസ്ഥാന നേതൃത്വം അച്ചടക്കനടപടി സ്വീകരിച്ചിരുന്നു. ഈ തീരുമാനം തെറ്റാണെന്ന് സംസ്ഥാന നേതൃത്വം പ്രഖ്യാപിച്ചാൽ ലീഗിലേക്ക് തിരികെ വരാമെന്ന് പി. ടി. എ. റഹീം എം. എൽ. എ. 'കേരളകൗമുദി ഫ്ലാഷി'നോട് പ്രതികരിച്ചിരുന്നു.

അന്നത്തെ തീരുമാനമെടുത്തത് പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളായിരുന്നുവെന്നും റഹീമിന്റെ അഭിപ്രായം ശിഹാബ് തങ്ങളെ അപമാനിക്കലാണെന്നും യോഗം ചൂണ്ടിക്കാട്ടി. ധിക്കാരപരമായ നിലപാടെടുത്ത റഹീമിനെ ഒരു വിധത്തിലും ലീഗിൽ തിരിച്ചെടുക്കരുതെന്നാണ് ജില്ലാ മുസ്ലീം ലീഗ് നേതൃത്വത്തിന്റെ അഭിപ്രായമെന്നും സംസ്ഥാന നേതൃത്വത്തെ അറിയിച്ചു. സംസ്ഥാന സെക്രട്ടറി ടി. പി. എം. സാഹിർ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ പി. കെ. കെ. ബാവ അദ്ധ്യക്ഷതവഹിച്ചു. എം. സി. മായൻ ഹാജി, സി. മോയിൻകുട്ടി, എൻ. സി. അബൂബക്കർ, സി. അബ്ദുൾ റഹ്മാൻഎന്നിവർ സംസാരിച്ചു.

യൂത്ത് കോൺ. പ്രവർത്തകർ കുടിവെള്ളം വിതരണം ചെയ്തു

കോവളം : രൂക്ഷമായ കുടിവെള്ളക്ഷാമത്തിന്റെ പിടിയിലമർന്ന തീരദേശവാസികൾക്ക് യൂത്ത് കോൺഗ്രസ് പ്രവർത്തകർ കുടിവെള്ളവിതരണം നടത്തി. വിഴിഞ്ഞം പഞ്ചായത്തിലെ കപ്പമ്പാല, വലിയപറമ്പ്, ചെറുമണൽക്കുഴി, മതിപ്പുറം പ്രദേശങ്ങളിലെ നൂറ് കണക്കിന് കുടുംബങ്ങൾക്കാണ് യൂത്ത് കോൺഗ്രസ് നൽകിയ കുടിവെള്ളം ആശ്വാസമായത്.

ഈ പ്രദേശത്ത് രണ്ടാഴ്ചയിലൊരിക്കൽ ലഭിക്കുന്ന പൈപ്പ് വെള്ളം ഉപയോഗശൂന്യമായതിനാൽ ടാങ്കർ ലോറികളിൽ എത്തുന്ന വെള്ളം വിലകൊടുത്താണ് ഈ പ്രദേശത്തുകാർ കുടിക്കാൻ ഉപയോഗിച്ചിരുന്നത്.

യൂത്ത് കോൺഗ്രസ് ജില്ലാ സെക്രട്ടറി കെ. എച്ച്. സുധീർ ഖാന്റെ നേതൃത്വത്തിലാണ് പ്രദേശവാസികൾക്ക് കുടിവെള്ളം എത്തിക്കാൻ തീരുമാനിച്ചത്.

ജലക്ഷാമം പരിഹരിക്കാത്ത അധികൃതരുടെ അനാസ്ഥക്കെതിരെ നിരവധി പരാതികൾ നൽകിയിട്ടും നടപടിയുണ്ടായില്ലെന്നും ഇത് തുടർന്നാൽ സമരം സംഘടിപ്പിക്കുമെന്നും സുധീർഖാൻ മുന്നറിയിപ്പ് നൽകി.

after four — evening shows in the city

ദേശീയ നാടകോത്സവം: അതുൽ പെടെയുടെ മറാത്തി നാടകം- ദൽപ്പദ് സിംഗ് യതി ഗാവ്. ടാഗോർ തിയേറ്ററിൽ വൈകിട്ട് 7 ന്. വഴുതക്കാട് ഷാങ്ഗ്രില ആർട്ട്ഗാലറിയിൽ അഞ്ചുചിത്രകാരികളുടെ ചിത്രപ്രദർശനം. രാവിലെ 10 മുതൽ.